**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന മുഖ്യ പ്രമേയത്തോടെ ആഗോള കത്തോലിക്ക സഭ 2025ൽ, മഹാജൂബിലിക്ക് ശേഷമുള്ള ആദ്യത്തെ സാധാരണ ജൂബിലി വർഷം കൊണ്ടാടുകയാണല്ലോ. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല', *സ്പെസ് നോൺ കൊൺഫുന്തിത്* (*Spes non Confundit*), എന്ന ഔദ്യോഗിക ബൂളയിലൂടെ ദൈവകൃപയിലുള്ള പ്രത്യാശ, പ്രഘോഷിക്കുന്നതിൽ ദൈവജനത്തെ പൂർണമായി പങ്കുചേർക്കുന്നതിന് വേണ്ട എല്ലാ പരിശ്രമവും ജൂബിലി വർഷത്തിൽ നടത്തണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു. 'കാത്തിരിപ്പിൻറെ പുണ്യ'മെന്ന് പ്രത്യാശയെ വിശേഷിപ്പിക്കുന്ന പാപ്പ, പ്രത്യാശ എന്നത് ദൈവം തന്നെയാണ് എന്ന തിരിച്ചറിവിലേക്ക് ദൈവജനം കടന്നു വരണമെന്ന് ഓർമിപ്പിക്കുന്നു. പരിശുദ്ധാത്മാവിൻറെ ദാനമായ പ്രത്യാശ വർത്തമാന കാലത്തിലെ കഷ്ടതകൾ നിസ്സാരമായി കരുതി മുന്നോട്ടു പോകാൻ നമ്മെ പ്രേരിപ്പിക്കുന്നു. അവസാനിക്കയില്ലെന്നു തോന്നുന്ന വേദനയും പ്രതീക്ഷയറ്റതെന്നു തോന്നുന്ന സാഹചര്യവും അസഹനീയമായ കാത്തിരിപ്പും അനുഭവിക്കുന്ന സമയങ്ങളിൽ അവനെ തൊടുവാനും ഒരിക്കലും പ്രത്യാശ കൈവിടാതെ അവനിൽ തന്നെ ആശ്രയിക്കുവാനും യേശു ഓരോരുത്തരെയും ക്ഷണിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസത്തിലും, സ്നേഹത്തിലും, ക്ഷമയിലും വളർന്നുകൊണ്ട് ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചം പകരുവാനും, പ്രത്യാശയുടെ വാഹകരാകുവാനുമുള്ള ക്ഷണമാണ് ജൂബിലി നമുക്ക് നൽകുന്നത്.

ക്രിസ്തുവിനെ ആഘോഷിക്കുക, സഭയെ ആഘോഷിക്കുക, നമ്മുടെ വിശ്വാസത്തെ ആഘോഷിക്കുക എന്നീ മൂന്ന് ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് ജൂബിലി വർഷം ആചരിക്കുന്നത്. ഓരോ ജൂബിലിക്കും സഭാജീവിതത്തിൽ ആത്മീയവും സാമൂഹികവും സഭാപരവുമായി ഏറെ പ്രാധാന്യമുണ്ട്. "നമുക്ക് ലഭിക്കപ്പെട്ട പ്രത്യാശയുടെ ജ്വാല നാം ആളിക്കത്തിക്കണം. തുറന്ന മനസ്സോടെ, വിശ്വാസധിഷ്ഠിത ഹൃദയത്തോടെ, ദീർഘവീക്ഷണത്തോടെ ശോഭനമായ ഭാവി ലക്ഷ്യം വെച്ച് പുതിയ ശക്തിയും ദൃഢതയും സ്വായത്തമാക്കാൻ ഈ ജൂബിലി കാരണമാകട്ടെ" എന്ന ഫ്രാൻസീസ് പാപ്പയുടെ ആഹ്വാനം നമുക്ക് പ്രചോദനമാകട്ടെ. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളോടു ചേർന്ന് പാപ്പ ഓർമിപ്പിക്കുന്നു: "ക്രിസ്തീയ പ്രത്യാശ നമ്മെ വഞ്ചിക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്യുന്നില്ല, കാരണം ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ യാതൊന്നിനും, ആർക്കും കഴിയില്ല (റോമ:8,39) എന്ന ഉറപ്പിൽ അധിഷ്ഠിതമാണ്". ദൈവത്തോടും സഹോദരങ്ങളോടുമുള്ള ഊഷ്മള ബന്ധം സജീവവും ഊർജ്ജസ്വലവുമാക്കുന്ന ഒരു പ്രതീക്ഷയുടെ കാലഘട്ടമാകട്ടെ നമുക്ക് ഈ ജൂബിലി വർഷം.

പഴയനിയമ പാരമ്പര്യമനുസരിച്ച് തീർത്ഥാടനത്തിനും പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും കാരുണ്യപ്രവൃത്തികൾക്കുമായി നീക്കിവയ്ക്കുന്ന സമയമാണ് ജൂബിലി അഥവാ, വിശുദ്ധവർഷം. പ്രത്യേക തീർഥാടനങ്ങളിലൂടെ അനുഗ്രഹങ്ങൾ ലഭിക്കാനും പൂർണ്ണ ദണ്ഡവിമോചനം സ്വന്തമാക്കാനും ഈ വർഷം സഹായകമാകട്ടെ. വ്യക്തിപരമായും, കുടുംബതലത്തിലും, ഇടവകതലങ്ങളിലും കൂടുതൽ പ്രാർത്ഥനയിൽ ആഴപ്പെടുന്നതിനും സ്വരബഹുലമായ ലോകത്ത് നിശബ്ദതയിൽ ദൈവസാന്നിധ്യം തിരിച്ചറിയാനും ഈ ജൂബിലി പ്രചോദനമാകട്ടെ. ജീവകാരുണ്യ പ്രവർത്തനങ്ങൾ ജീവിതചര്യയാക്കി, നീതി വസിക്കുന്ന പുതിയ

SYRO-MALABAR VISITATOR EUROPE

E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & Fax 06 839.57822

CamScanner

ആകാശവും പുതിയ ഭൂമിയും ഒരുക്കുന്ന (2പത്രോസ്:3,13) യഥാർത്ഥ ക്രൈസ്തവ സാക്ഷ്യങ്ങളാകാൻ ഈ ജൂബിലി കാരണമാകട്ടെ.

2024 ക്രിസ്തുമസ് തലേന്ന് സെൻറ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറക്കുന്നതോടെയാണ് 2025 ജൂബിലി വർഷത്തിന് തുടക്കം കുറിക്കുന്നത്. ഡിസംബർ 29ന് റോമിലെ കത്തീഡ്രലായ സെൻറ് ജോൺ ലാറ്ററൻ ആർച്ച് ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറക്കും. അന്നേ ദിവസം തന്നെ ലോകത്തിൻറെ നാനാ ഭാഗങ്ങളിലുള്ള കത്തീഡ്രലുകളിൽ പ്രാദേശിക ബിഷപ്പുമാരുടെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് ജൂബിലി വർഷത്തിന് പ്രാദേശികമായി തുടക്കം കുറിക്കും. 2025 ഡിസംബർ 28ന് പ്രാദേശിക തലത്തിൽ ജൂബിലി വർഷം സമാപിക്കും. 2026 ജനുവരി 6, യേശുവിൻറെ പ്രത്യക്ഷീകരണ തിരുനാൾ ദിനത്തിലാവും ഔദ്യോഗികമായി റോമിൽ ജൂബിലി സമാപിക്കുന്നത്.

**സീറോ മലബാർ അപ്പസ്തോലിക്ക് വിസിറ്റേഷനിൽ ജൂബിലി വർഷാഘോഷങ്ങൾക്കുള്ള ചില നിർദ്ദേശങ്ങൾ കൂടെ ചേർക്കുന്നു.**

1. 2024 ഡിസംബർ 29 തീയതി റോമിലെ സാന്ത അനസ്താസിയ ബസിലിക്ക ദേവാലയത്തിൽ വെച്ച് സീറോ മലബാർ അപ്പസ്തോലിക്ക് വിസിറ്റേഷൻറെ ഔദ്യോഗികമായ ജൂബിലി ഉദ്ഘാടനം നടത്തുന്നു. ജനുവരി ആദ്യത്ത ഞായറാഴ്ച്ച ഓരോ ഇടവകകളിലും/യൂണിറ്റുകളിലും ജൂബിലി വർഷ ആരംഭ പരിപാടികൾ സംഘടിപ്പിക്കുന്നു.

2. ജൂബിലി വർഷ ലോഗോ ഓരോ ഇടവകകളിലും/യൂണിറ്റുകളിലും ബേമയ്ക്കടുത്തായേ വിശ്വാസികൾക്ക് കാണാൻ കഴിയുന്ന പൊതു സ്ഥലത്തായോ സ്ഥാപിക്കേണ്ടതാണ്.

3. ഓരോ ഇടവകകളിലും/യൂണിറ്റുകളിലും ജൂബിലി വർഷ ആരംഭ ദിനത്തിൽ ജൂബിലി ദീപം തെളിയിക്കുകയും ജൂബിലി പ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

4. ജൂബിലിയുടെ സമാപന ദിനം വരെ ഓരോ ഇടവകകളിലും/യൂണിറ്റുകളിലും അർപ്പിക്കുന്ന വി. കുർബാനയിൽ ജൂബിലി വർഷത്തിനായി തയ്യാറാക്കിയിരിക്കുന്ന കാറോസൂസ പ്രാർത്ഥന ചൊല്ലേണ്ടാതാണ്.

5. ദൈവ കരുണക്കായി പ്രത്യേകം സമർപ്പിക്കപെട്ടിട്ടുള്ള ഈ കാഘട്ടത്തിൽ മാനസാന്തരത്തിനും സമ്പൂർണ്ണ അനുരഞ്ജനത്തിനും സഹായകരമാകത്തക്കവിധം അനുരഞ്ജന കൂദാശയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനും സമയം ക്രമീകരിക്കാനും ശ്രദ്ധിക്കുമല്ലോ.

6. പ്രത്യാശയുടെ തീർത്ഥാടകർ എന്ന പേരിൽ നടത്തപ്പെടുന്ന ഈ ജൂബിലി വർഷം അപ്പസ്തോലിക വിസിറ്റേഷൻറെ പതിവ് തീർത്ഥാടനങ്ങളോടൊപ്പം സമ്പൂർണ ദണ്ഡവിമോചന സാധ്യതയുള്ള തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. യൂറോപ്പിലെ വ്യത്യസ്ത ഇടങ്ങളിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച നമുക്ക് ഈ ജൂബിലി വർഷത്തിൽ റോമിലെ പ്രധാനപ്പെട്ട ദേവാലയങ്ങളിലെക്ക് തീർത്ഥാടനങ്ങൾ നടത്താനാവുന്നത് വലിയൊരു അനുഗ്രഹമാണ്.

VIA DEGLI ESTENSI, 137 • 00164 ROMA – ITALIA
TEL. & FAX: 06 4820028 • E-MAIL: apvisitsmfeurope@gmail.com

CamScanner

"*സ്പെസ് നോൺ കൊൺഫൂന്തിത്*" എന്ന ഔദ്യോഗികരേഖ വഴി ഫ്രാൻസിസ് പാപ്പ നൽകിയ നിർദ്ദേശമനുസരിച്ച്, വിശുദ്ധ പത്രോസിൻറെ ബസിലിക്ക, റോമിൽത്തന്നെയുള്ള വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്ക, മേരി മേജർ ബസിലിക്ക, റോമൻ മതിലിന് പുറത്തുള്ള വിശുദ്ധ പൗലോസിൻറെ ബസിലിക്ക എന്നീ പേപ്പൽ ബസിലിക്കകളിൽ ജൂബിലി വർഷത്തിൽ വിശ്വാസികൾക്കായി വിശുദ്ധ വാതിൽ തുറക്കുന്നുണ്ട്.

7. ദൈവകരുണയുടെ അനന്തവും അതുല്യവുമായ സമ്മാനമായസമ്പൂർണ ദണ്ഡവിമോചനം സ്വന്തമാക്കാൻ സഭ നിർദ്ദേശങ്ങൾ പാലിച്ചു വ്യക്തിപരമായും കുടുംബങ്ങളായും കൂട്ടായ്മകളായും അവസരങ്ങൾ കണ്ടെത്തുമല്ലോ.

8. ജൂബിലി വർഷത്തിൽ എല്ലാ വിശ്വാസികളും കൂടുതൽ ആഴത്തിൽ പഠിച്ചു അറിയാൻ പാപ്പാ ആവശ്യപ്പെട്ട സഭയുടെ മൗലികപ്രബോധനങ്ങൾ അവതരിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൻറെ നാലു പ്രമാണരേഖകളായ, Lumen Gentium (തിരുസ്സഭ), Dei Verbum (ദൈവാവിഷ്കരണം), Sacrosanctum Concilium (ആരാധനക്രമം), Gaudium et Spes (സഭ ആധുനികലോകത്തിൽ) തുടങ്ങിയവ ഈ വർഷത്തെ സഭാ പഠന തലങ്ങളിൽ സജീവമാക്കാം.

9. മാമോദീസയിൽ ഏറ്റെടുത്ത മിഷൻ ദൗത്യം ക്രിയാത്മകമായി പ്രവർത്തികമാക്കുന്ന ഒരു പ്രധാന കാലഘട്ടമായി ഈ വർഷം സജീവമാകട്ടെ. ക്രിസ്തു ശിഷ്യചൈതന്യം വാക്കുകളിലും പ്രവർത്തികളിലും പ്രതികരണങ്ങളിലും കൂടുതൽ പ്രാവർത്തികമാക്കാൻ നമുക്ക് ശ്രദ്ധിക്കാം. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതും മിഷനറിമാരെ പ്രോത്സാഹിപ്പിക്കുന്നതും ഈ വർഷത്തെ ഒരു പ്രധാന ദൗത്യമായി നമ്മുക്ക് ഏറ്റെടുക്കാം.

10. കാരുണ്യത്തിൻറെ വാതിലുകൾ നമുക്ക് മുന്നിൽ തുറക്കുമ്പോൾ കരുണയുടെ സാക്ഷ്യങ്ങളാകാൻ നമുക്കും കഴിയട്ടെ. അർഹിക്കുന്നവർക്കും ആവശ്യകാർക്കും നിരാലംബർക്കും അളവനുസരിച്ച് പങ്കുവയ്ക്കാനുള്ള ഒരു കാലമാണല്ലോ ജൂബിലി. നന്മയുടെ നല്ല നിക്ഷേപങ്ങൾ സ്വർഗത്തിൽ ഒരുക്കാൻ നമ്മുടെ ലൗകിക നിക്ഷേപങ്ങളിൽ നിന്നും സാധിക്കും വിധം നമുക്ക് പങ്കുവയ്ക്കാം.

ഈ വിശുദ്ധ വർഷം, ജൂബിലി 2025, വിശ്വാസത്തിൽ ആഴപ്പെടുന്നതിനും, സമ്പൂർണ്ണ അനുരഞ്ജനവും സൗഖ്യവും ദണ്ഡവിമോചനവും സ്വന്തമാക്കുന്നതിനും, ക്രൈസ്തവ സാക്ഷ്യത്തിൻറെ പ്രവാചകരാകുന്നതിനും അതിരുകളില്ലാത്ത പ്രതീക്ഷയുടെ തീർഥാടകരാകുന്നതിനുമുള്ള അപൂർവ്വമായ ഒരു കാലഘട്ടമാകട്ടെ.

ജൂബിലി ആശംസകളോടെ, പ്രാർത്ഥനകളോടെ...

+ [signature]

മാർ സ്റ്റീഫൻ ചിറപ്പണത്ത്

30/11/2024

SYRO-MALABAR AP. VISITATOR EUROPE


VIA DEGLI ESTENSI, 137 • 00164 ROMA – ITALIA
TEL. & FAX: 06 4820028 • E-MAIL: apvisitsmfeurope@gmail.com


CamScanner

APOSTOLIC VISITATION
OF
THE SYRO-MALABAR FAITHFUL IN EUROPE
DOMUS MAR THOMA

## ജൂബിലി പ്രാർത്ഥന

പ്രത്യാശയായ തന്നെയായ ദൈവമേ, പരിശുദ്ധാത്മാവിൻറെ ദാനവും കാത്തിരിപ്പിൻറെ പുണ്യവുമായ പ്രത്യാശ ഞങ്ങളുടെ ക്രൈസ്തവ ജീവിതത്തിൻറെ കേന്ദ്രവും ജീവത വഴികളിൽ ഊർജ്ജവുമാകാൻ ഈ ജൂബിലി വർഷത്തിൽ ഞങ്ങളെ പ്രത്യേകമായി അനുഗ്രഹിക്കണമേ. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന മുഖ്യ പ്രമേയത്തോടെ ആഗോള കത്തോലിക്ക സഭ ജൂബിലി വർഷമാചരിക്കുമ്പോൾ ക്രിസ്തുവിനെ ആഘോഷിക്കുക, സഭയെ ആഘോഷിക്കുക, വിശ്വാസത്തെ ആഘോഷിക്കുക എന്നീ ജൂബിലി ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാകാൻ സഭയെയും സഭയെ നയിക്കുന്നവരെയും സഭാ മക്കളായ ഞങ്ങളെയും സഹായിക്കണമേ.

സഹനങ്ങളുടെയും സങ്കടങ്ങളുടെയും നടുവിൽ വിശ്വാസത്തിലും, സ്നേഹത്തിലും, ക്ഷമയിലും വളർന്നുകൊണ്ട് പ്രത്യാശയുടെ വെളിച്ചം പകരുവാനും പ്രത്യാശയുടെ വാഹകരാകുവാനും പ്രത്യാശയുടെ പ്രവാചകരാകാനും ഈ ജൂബിലി ഞങ്ങൾക്ക് പ്രചോദനമാകട്ടെ. പ്രത്യാശയുടെ തീർത്ഥാടകരായി, കാരുണ്യത്തിൻറെ സാക്ഷ്യങ്ങളായി പ്രതീക്ഷകളുടെ മിഷനറിമാരായി ജൂബിലി അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ ഈ വർഷം ഞങ്ങൾക്ക് പ്രേരണയാകട്ടെ. ജൂബിലി വർഷത്തിൽ നടത്തപ്പെടുന്ന തീർഥാടനങ്ങൾ അത്ഭുതങ്ങളുടെയും മാനസാന്തരത്തിൻറെയും അനുഭവങ്ങളാകട്ടെ. പരിശുദ്ധ അമ്മയുടെയും സകല വിശുദ്ധരുടെയും പ്രത്യേക മാധ്യസ്ഥത്താൽ ഈ വർഷം കൃപാനിറവുകളുടെ ഒരു കാലമാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും, ആമേൻ.

1. സ്വർഗ. 1. നന്മ. 1. ത്രിത്വ.

## കറോസൂസ പ്രാർത്ഥന

സകലത്തിൻറെയും പ്രത്യാശയായ ദൈവമേ, ജീവിതത്തിൽ പ്രതീക്ഷ നിറച്ച്, വിശ്വാസത്തിലും, സ്നേഹത്തിലും, ക്ഷമയിലും വളർന്നുകൊണ്ട് കാത്തിരിപ്പിൻറെ പുണ്യമായ പ്രത്യാശയുടെ പ്രവാചകരും തീർത്ഥാടകരും കാരുണ്യത്തിൻറെ പ്രഘോഷകരുമായി ലോകമെങ്ങും ക്രൈസ്തവ സാക്ഷ്യം നൽകാൻ ഈ ജൂബിലി വർഷത്തിൽ ഞങ്ങളെ പ്രത്യേകമായി അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

SYRO-MALABAR AP. VISITATOR EUROPE

VIA DEGLI ESTENSI, 137 • 00164 ROMA – ITALIA
TEL. & FAX: 06 4820028 • E-MAIL: apvisitsmfeurope@gmail.com

CamScanner